(ഡി) ആനപ്പാപ്പാൻമാർക്ക് ഇതിനകം മണ്ണുത്തിയിലുള്ള സെന്റർ ഫോർ സ്റ്റഡീസ് ഓൺ എലിഫന്റിന്റെ നേതൃത്വത്തിൽ കേരളാ എലിഫന്റ് വെൽഫെയർ അസോസിയേഷന്റെ സഹകരണത്തോടുകൂടി മൂന്ന് റിഫ്രഷർ ട്രെയിനിംങ് കോഴ്സുകൾ, പീച്ചി, കോന്നി, കൊല്ലം എന്നിവിടങ്ങളിൽ നടത്തിയിട്ടുണ്ട്. തുടർന്നും പരിശീലന കോഴ്സുകൾ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ആനപ്പാപ്പാൻമാർക്ക് ട്രെയിനിംങ് നൽകുന്നതിനുള്ള പരിശീലന കേന്ദ്രം കോടനാട് ആസ്ഥാനമാക്കി സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വന്യജീവി സംരക്ഷണ ഭേദഗതി നിയമം നിലവിൽ വന്ന സാഹചര്യത്തിൽ ഇക്കാര്യം പരിഗണനയിലില്ല.

സ്പോർട്സ് സ്കൂളുകളുടെ നിലവാരം

129 [1263] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ജി. വി. രാജ സ്പോർട്സ് സ്കൂൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്:

അന്താരാഷ്ട്ര നിലവാരത്തോടും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുമുള്ള ജി.വി. രാജ സ്പോർട്സ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം തിരുവനന്തപുരത്ത് മൈലം എന്ന സ്ഥലത്ത് നടന്നുവരുന്നു. എൻ.ഐ.എസ്. പരിശീലനം പൂർത്തിയാക്കിയ കായികാദ്ധ്യാപകരുടെ സ്ഥിരം സേവനം ജി.വി. രാജ സ്കൂളിലേക്കും കണ്ണൂർ സ്പോർട്സ് ഡിവിഷനിലേക്കും ലഭ്യമാക്കാൻ ആലോചിക്കുന്നു. കുട്ടികളുടെ ഡയറ്റ് ചാർജ് വർദ്ധനയും പരിഗണിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly